

എക്സലിന്റെ

# തിരിച്ചടി

സംവിധാനം കുഞ്ചാക്കോ.

# നടീനടന്മാർ

| | | |
|---|---|---|
| നസ്സീർ | — | വേണു & കുട്ടപ്പൻ |
| ഷീല | — | രമണി |
| കൊട്ടാരക്കര | — | ശേഖരപ്പിള്ള |
| ഗോവിന്ദൻകുട്ടി | — | ഉണ്ണിത്താൻ |
| പങ്കജവല്ലി | — | ഭാരതിഅമ്മ |
| അടൂർപങ്കജം | — | അമ്മുക്കുട്ടി |
| കാഞ്ചന | — | മാധവി |
| ദേവകി | — | സിന്ദൂരം |
| അടൂർഭാസി | — | അന്തപ്പൻ |
| എസ്. പി. പിള്ള | — | ഹേഡ് ചാക്കോ |
| ബഹദൂർ | — | ഗോപാലൻ |
| മണവാളൻ | — | നാണുകണിയാർ |
| കടുവാക്കുളം | — | അപ്പുണ്ണി |

കഥ—
കാനം ഇ. ജെ.

സംഭാഷണം—
S. L. പുരം സദാനന്ദൻ.

ഗാനങ്ങൾ—
വയലാർ രാമവർമ്മ

സംഗീതം—
സുദർശനം.

പാടിയവർ—
യേശുദാസ്, സുശീല, ജാനകി, ആന്റോ.

സംവിധാനം—
കുഞ്ചാക്കോ.

വിതരണം—
എക്സൽ പ്രൊഡക്ഷൻസ്
ആലപ്പുഴ.

The St. Antony's Press, Alleppey.

# തിരിച്ചടി

**കഥാസാരം:—**

പ്രകൃതിസുന്ദരമായ മലനാട്ടിലെ പ്രാമാണികനായ പണക്കാരനാണ് ശേഖരപിള്ള. അയാളുടെ ഏകമകനാണ് വേണു. വേണുവിൻെറ അമ്മാവനാണ് ഉണ്ണിത്താൻ. ഉണ്ണിത്താൻെറ മകളാണ് രമണി

വേണുവും രമണിയും പ്രണയത്തിലാണ്. അഛനും അമ്മാവനും വിവാഹനിശ്ചയത്തിലും.

പ്രേമത്തിൻെറ നിമിഷങ്ങളും സന്തോഷത്തിൻെറ ദിവസങ്ങളും അങ്ങനെ കഴിഞ്ഞുവരികയാണ്. ആയിടയ്ക്കാണ് ഇൻസ്പെക്ടർ വേണുവിന് ഒരു പ്രത്യേകതരം രോഗം ബാധിച്ചതു്. പറഞ്ഞതു പറഞ്ഞില്ലെന്നു പറയും, വാങ്ങിയതു വാങ്ങിയില്ലെന്നു പറയും, കണ്ടതു കണ്ടില്ലെന്നു പറയും, കേട്ടതു കേട്ടില്ലെന്നു പറയും. ഒരു പുതിയതരം രോഗം. അഛനും അമ്മയും അമ്മാവനും കാമുകിയുമെല്ലാം അത്ഭുതപ്പെട്ടു; അമ്പരന്നു; കരഞ്ഞുകാണിച്ചു. എന്നിട്ടും വേണുവിൻെറ രോഗം കൂടികൂടി വരികയാണ്. കാരണം കണ്ടുപിടിക്കാൻ കഴിയുന്നുമില്ല.

ഉത്തരവാദിത്വമുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് ഇത്തരത്തിലൊരു രോഗമുണ്ടായാൽ പാവപ്പെട്ട പോലീസുകാരൻെറ പാട് ഊഹിക്കുകയാണുഭേദം. കൂടുതൽ വലഞ്ഞതു് കൂട്ടത്തിൽ ശുദ്ധനായ ചാക്കോഹേഡ്സാണ്.

തനിക്കു രോഗമാണെന്നു പറയുന്നവർക്കെല്ലാം മുഴുഭ്രാന്താണെന്നാണ് വേണുവിൻെറ കണ്ടുപിടുത്തം. വേദനയോടുകൂടിയാണെങ്കിലും അവരെയെല്ലാം ഭ്രാന്താശുപത്രിയിലേയ്ക്കയയ്ക്കുന്നുള്ള പരിപാടി ആലോചിക്കുകയാണ് വേണു. ഏതുവിധമെങ്കിലും വേണുവിൻെറ രോഗം ചികിത്സിച്ചു ഭേദമാക്കാനുള്ള പരക്കംപാച്ചിലിലാണ് ബന്ധുക്കൾ. ആ "പുലികളി" അങ്ങനെ നടന്നുകൊണ്ടിരിക്കയാണ്. അവസാനം സ്നേഹനിധികളായ ബന്ധുക്കൾ വേണുവിനെ പിടിച്ചുകെട്ടിയാണെങ്കിലും ബുദ്ധിമാന്ദ്യത്തിനുള്ള ഒരു ഒററമൂലി പ്രയോഗിച്ചുനോക്കി. ഫലിച്ചില്ല എന്നാൽ പ്രശ്നം വയ്പിച്ചു നോക്കാം; നോക്കി. ഗന്ധർവ്വകോപമാണ്. കുടുംബത്തിനു ശാപദോഷമുണ്ട്. പരിഹാരവും നിർദ്ദേശിച്ചു. ഗന്ധർവ്വൻപാട്ട്, അതും നടത്തി മുറപോലെ. എന്നിട്ടുമില്ല പ്രയോജനം.

ദിവസങ്ങൾതോറും, മണിക്കൂറുകൾതോറും, നിമിഷങ്ങൾതോറും വേണുവിൻെറ സ്വഭാവം മാറിമാറി വരികയാണ്. സംഭവിക്കുന്നതെല്ലാം അത്ഭുതങ്ങളാണ്; രസകരങ്ങളാണ്. എന്തുചെയ്യും? ഒരു രക്ഷയുമില്ല.

കുടുംബത്തിനു മാനഹാനിയും മനോദു:ഖവും ധനനാശവും ദിവസംതോറും വർദ്ധിച്ചുവരികയാണ്. കാമുകി കണ്ണീരിൽ. അമ്മാവൻ അമ്പരപ്പിൽ. അച്ഛനും അമ്മയും നിരാശയിൽ. ചാക്കോഹെഡ്ഡിൻെറ കൈ തൊപ്പിയിൽ.

ഇതിനിടയിലൊരുദിവസമാണ് അപ്രതീക്ഷിതമായി ചാക്കോഹെഡ്ഡിൻെറ മുന്നിൽ കുട്ടപ്പൻ ചെന്നു ചാടിയതു്. കുട്ടപ്പനെ കണ്ടാൽ ഇൻസ്പെക്ടർ വേണുവാണെന്നേ തോന്നൂ. കയ്യും കാലും മൂക്കും മുടിയും എല്ലാം അതുതന്നെ. ചാക്കോഹെഡ്ഡ് വിരണ്ടുപോയി. വിരളിച്ചു കഴിഞ്ഞപ്പോൾ കുട്ടപ്പനെ കാണാനുമില്ല. ഈ വിവരം ഇൻസ്പെക്ടർ വേണു അറിഞ്ഞു. ആരെടാ ഈ പുതിയ കുട്ടപ്പൻ? അവനെ അറസ്റ്റുചെയ്യുകതന്നെ. അന്വേഷണവും തുടങ്ങി. കുട്ടപ്പൻ ഒട്ടും മോശക്കാരനല്ല. കൂട്ടുകാരനായ അന്തപ്പൻ അതിനപ്പുറവും. പോലീസുകാർവച്ച കെണികളിൽനിന്നെല്ലാം കുട്ടപ്പനും അന്തപ്പനും അതിവിദഗ്ദ്ധമായി ഊരിപ്പോടിക്കൊണ്ടിരുന്നു. അവസാനം അന്തപ്പനൊരബദ്ധം പററി. ആപ്പിലുമായി. അപ്പോഴാണ് വേണുവിൻെറ പ്രേമസർവ്വസ്വമായ രമണിയേയും തട്ടിക്കൊണ്ടു് കുട്ടപ്പൻ ഒരു മോട്ടോർ സൈക്കിളിൽ കടന്നുകളഞ്ഞതു്. പോലീസ് ജീപ്പുകളും വാനുകളും കുട്ടപ്പനെ പിൻതുടർന്നു. നീണ്ടുനിന്ന പരക്കം പാച്ചിലും പോരാട്ടവും കഴിഞ്ഞു് തൻെറ പ്രതിരൂപമായ കുട്ടപ്പനെ ഇൻസ്പെക്ടർ വേണു അറസ്റ്റുചെയ്തു. കുട്ടപ്പനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നപ്പോൾ മററുചിലരും അവിടെയുണ്ടായിരുന്നു. അങ്ങനെ അവിടെവച്ചു് അത്ഭുതകരവും വികാരോജ്ജ്വലവുമായ ഒരു കഥയുടെ ഇതളുകൾ ഓരോന്നായി വിരിയുവാൻ തുടങ്ങി. ഒരു ചെറിയ തെററിൻെറ വലിയ തിരിച്ചടിയുടെ കഥ. എന്താണുകഥയെന്നല്ലേ?

ഞങ്ങൾ രസകരമായി—കലാപരമായി നിങ്ങളോടതു പറയാം. നിങ്ങൾ തീയേററിലേയ്ക്കു വരൂ. വിനയപൂർവ്വം ക്ഷണിക്കുകയാണ്.

## Song No. 1. സുശീല

പൂപോലെ പൂപോലെ ചിരിക്കും.... അവൻ
പുളകങ്ങൾകൊണ്ടെന്നെ വാരിപ്പുതപ്പിക്കും
പൂപോലെ പൂപോലെ ചിരിക്കും
എൻെറവികാരസരസ്സിലെസ്വപ്നമാം
സ്വർണ്ണമത്സ്യത്തിനെകണ്ണെറിയും.... അവൻ കണ്ണെറിയും
പെൺകൊടിമാർക്കുള്ളിലുന്മാദമുണർത്തുന്ന
ചങ്ങമ്പുഴക്കവിതപാട്ടും.... അവൻ
ചങ്ങമ്പുഴക്കവിതപാട്ടും.... (പൂപോലെ
ചന്ദനക്കാതൽകടഞ്ഞതപോലുള്ളൊരാ
നെഞ്ചിലെൻകൈവിരൽസഞ്ചരിക്കും
വിരൽസഞ്ചരിക്കും
നാണിച്ചുനാണിച്ചുമററാരുംകാണാതെ
ചോദിച്ചതൊക്കെഞാൻനൽകും.... അവൻ
ചോദിച്ചതൊക്കെഞാൻനൽകും (പൂപോലെ

---

## Song No. 2. യേശുദാസ്–സുശീല

ഇന്ദുലേഖെ ഇന്ദുലേഖെ
ഇന്ദ്രസദസ്സിലെ നൃത്തലോലെ
ഈരാത്രിനിന്നെക്കണ്ടിട്ടെനിക്കുള്ളൊരു
തീരാത്തതീരാത്ത മോഹം (ഇന്ദു)
സ്വപ്നങ്ങളുറങ്ങാത്ത രാത്രി.... ഇതു
ശരൽക്കാലസുന്ദരരാത്രി
കാമുകിമാരും കാമുകന്മാരും
രോമാഞ്ചമണിയുന്നരാത്രി.... സ്വർഗ്ഗീയ
രോമാഞ്ചമണിയുന്ന രാത്രി.... (ഇന്ദു)
നവഗ്രഹവീഥിയിലൂടെ.... ഒരു
നക്ഷത്രനഗരത്തിലൂടെ
നന്ദനവനത്തിൽ കതിർമണ്ഡപത്തിൽ
നവവധുവായ് നീവന്നു.... ആരുടെ
നവവധുവായ് നീവന്നു.... (ഇന്ദു)

---

## Song No. 3. യേശുദാസ്-ജാനകി

കല്പകപ്പൂഞ്ചോലക്കരയിൽവാഴും
ഗന്ധർവ്വഭഗവാനെക്കാണേണം (കല്പക)
കിന്നാരംമീട്ടുന്ന
ദേവിയുമൊന്നിച്ച്
ചന്ദനത്തേരിൽ ഇറങ്ങേണം....വന്നു....
ചന്ദനത്തേരിൽ ഇറങ്ങേണം.... (കല്പക)
അപ്സരസ്ത്രീകാന്തൻ വക്ഷോജസിന്ദൂരം
ആപാദചൂഡമണിഞ്ഞവനെ
കർപ്പൂരധൂമസുഗന്ധംനിറഞ്ഞൊരീ
പുഷ്പപീഠത്തിലിരിക്കേണം....വന്നു
പുഷ്പപീഠത്തിലിരിക്കേണം (കല്പക)
മഞ്ഞരാംപ്പൊടിയും മലർപ്പൊടിയുംകൊണ്ടു
ഞങ്ങാംവരച്ച കളത്തിനുള്ളിൽ
പഞ്ചവാദ്യംകേട്ടു
പഞ്ചാമൃതമുണ്ടു
മന്മഥനർത്തനമാടേണം....രതി
മന്മഥനർത്തനമാടേണം (കല്പക)

---

## Song No. 4. യേശുദാസ്-സുശീല

വെള്ളത്താമരമൊട്ടുപോലെ
വെള്ളക്കൽ പ്രതിമപോലെ
കുളിക്കാനിറങ്ങിയപെണ്ണേ-നിൻെറ
കൂടെഞാനും വന്നോട്ടെ.
ആരെങ്കിലുംവന്നാലോ....കണ്ടുചിരിച്ചാലോ
അതുകണ്ടുചിരിച്ചാലോ.... (വെള്ള)
നാണംകുണുങ്ങും കാളിന്ദിയാററിൽ
നീയൊരുനീരാട്ടം രാധ
ആലുംകൊമ്പിൽ കുഴലൂതും
അങ്ങെൻറകാമുകൻ കണ്ണൻ
അങ്ങെൻറകാമുകൻ കണ്ണൻ (വെള്ള)
ചന്ദനക്കല്ലിലഴിച്ചുവെച്ചൊരു
ചേലയാരെടുത്തു....ചേലയാരെടുത്തു
ഞാനെടുത്തുഅതുഞാനെടുത്തു
പട്ടുചേലതിരിച്ചുതരു
പകരംനീയെന്തുതരും

ആരെങ്കിലും വന്നാലോ....കണ്ടുചിരിച്ചാലോ
അതുകണ്ടുചിരിച്ചാലോ. (വെള്ള)
അർദ്ധനഗ്നാംഗിയായ് അരനീർവെള്ളത്തിൽ
അല്ലിപ്പൂനുള്ളുമ്പോൾ പുഴയിലെയോളങ്ങൾനെയ്തുതരും
പുത്തൻചേലപ്പൂഞ്ചേല.... (വെള്ള)

---

Song No. 5. സുശീല

പാതിവിടർന്നാൽ കൊഴിയുന്നപൂവിനു
പ്രേമമെന്നെന്തിനുപേരിട്ടു
കണ്ണീരിലലിയും വാർമഴവില്ലിനു
പെണ്ണെന്നെന്തിനു പേരിട്ടു. (പാതി)
ദാഹിച്ചുനടക്കുന്ന വേഴാമ്പൽ പക്ഷിക്കു
മോഹമെന്നെന്തിനു പേരിട്ടു (പാതി)
അക്കരെപ്പച്ചയിലെ ആകാശത്തുമ്പിക്കു്
സ്വപ്നമെന്നെന്തിനു പേരിട്ടു....
സ്വപ്നമെന്നെന്തിനു പേരിട്ടു.... (പാതി)
മണ്ണിൽ വീണുടയുന്ന പളുങ്കുപാത്രത്തിനു
മനസ്സെന്നെന്തിനു പേരിട്ടു
വിളിക്കാതെ വരുന്നൊരു വിരുന്നുകാരനു്
വിധിയെന്നെന്തിനു പേരിട്ടു (പാതി)

---

Song No. 6. യേശുദാസ്–ആന്റോ

കട്ടകോളം തീയുണ്ടെങ്കിൽ–കുളിരും മഞ്ഞും കുടവട്ടപ്പാടകലെ
കഞ്ചാവൊരു പുകയുണ്ടെങ്കിൽ ഹൃദയവും ബുദ്ധിയുമഞ്ചര
നാഴികയകലെ
അകലേ....... അകലേ....... അകലേ.... (കട്ട)
ഹൃദയമെന്നളിയനിനിപ്പറഞ്ഞാൽ ഇവിടെ കിടന്നു ഞാൻ കരയും
കയ്യിലെനിക്കൊന്നുണ്ടായിരുന്നതു കാലത്തെണീററപ്പം കണ്ടില്ലാ
കണ്ടില്ലാ........ കണ്ടില്ലാ........ കണ്ടില്ലാ.... (കട്ട)
എന്റെ ഹൃദയം ഞാനെടുത്തൊരു-പെണ്ണിനുകൊടുത്തിട്ടുതന്നില്ലാ
അയ്യോപെണ്ണേ....പററിച്ചോ
അതുകയ്യീന്നു നെലത്തിട്ടുപൊട്ടിച്ചോ
പൊട്ടിച്ചോ....പൊട്ടിച്ചോ....പൊട്ടിച്ചോ.... (കട്ടകോളം)
"അളിയാഎനിക്കുബുദ്ധിവരുന്നു"
"ഇപ്പം എനിക്കും ബുദ്ധിവരുന്നു"
ഹൃദയമെന്നൊരെണ്ണം മരുന്നിനുപോലും
നമുക്കുവേണ്ടാഅളിയാ നമുക്കുവേണ്ടാ (കട്ടകോളം)

അടുത്ത ചിത്രം

# വയലാർ

"ഉയരും ഞാൻ, നാടാകെ-
പ്പടരും ഞാനൊരു പുത്ത-
നുയിർ നാട്ടിന്നേകിക്കൊ-
ണ്ടുയരും വീണ്ടും"

കഥ—സംഭാഷണം

എസ്. എൽ. പുരം സദാനന്ദൻ

XL PRODUCTIONS,
ALLEPPEY.